വഴിവെളിച്ചം

# നന്ദി പ്രകാശനം

عَن أبِى هُرَيرَة رَضِي اللَّهُ عَنهُ قَالَ رَسُولُ اللَّهِ ﷺ :لاَ يَشْكُرُ الله مَن لاَ يَشْكُرُ النَّاسَ

**നബി(സ) പറഞ്ഞു: "ജനങ്ങൾക്കു നന്ദി പ്രകാശിപ്പിക്കാത്തവൻ അല്ലാഹുവിന്നും നന്ദി പ്രകാശിപ്പിക്കുന്നില്ല." (അബൂദാവൂദ്, തിർമുദി)***

**ചെയ്തു** തന്ന സേവനത്തിനും അനുഗ്രഹത്തിനുമുള്ള പ്രത്യുപകാരമാണ് നന്ദി പ്രകടനം. സ്നേഹമസൃണമായ പാരസ്പര്യമാണതിൽ ഇഴചേരുന്നത്. സർവ അനുഗ്രഹങ്ങളും മനുഷ്യർക്ക് നൽകുന്നത് അല്ലാഹുവായതിനാൽ നന്ദിക്കും സ്തുതിക്കും പൂർണമായ അർഹത അവന്നുമാത്രമാണ്. അതിനാലാണ് സത്യവിശ്വാസികൾ നിർബന്ധ നമസ്കാരത്തിൽ പതിനേഴ് തവണ അവന് സ്തുതിയർപ്പിച്ച് തുടങ്ങുന്നത്. ഉറക്കമുണരുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും ഭക്ഷണം കഴിച്ചാലുമെല്ലാം നിർവഹിക്കുന്ന മുഴുവൻ പ്രാർഥനകളും ആരംഭിക്കുന്നതും 'ഹംദ്' അർപ്പിച്ചു തന്നെയാണ്. 'നിങ്ങൾ നന്ദി പ്രകടിപ്പിച്ചാൽ വിഭവങ്ങൾ വർധിപ്പിച്ചു തരും' എന്ന് വിശുദ്ധ ഖുർആൻ(*ഇബ്റാഹീം* 7) പറയുന്നു. 'നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കുന്നവനാക്കി എന്നെ മാറ്റേണമേ' എന്ന പ്രാർഥനയും വിശ്വാസികളുടെ സ്വഭാവമായി (*അന്നംല്* 19) ഖുർആൻ വിവരിക്കുന്നു. ഇതാണ് നന്ദിയുടെ ഒരുവശം. സഹജീവികളായ മനുഷ്യർക്ക് നന്ദി പ്രകാശിപ്പിക്കുകയെന്ന മറുവശത്തേക്ക് നമ്മെ കൊണ്ടുപോവുയാണ് മേൽകൊടുത്ത ഹദീസ്.

നിത്യജീവിതത്തിൽ അനവധി കൊടുക്കൽ വാങ്ങലുകളും സേവനങ്ങളുമാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ ഈ ഇടപെടലുകൾ ധന്യമാകുക എല്ലാ സേവനങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചു പരിസ

മാപ്തി കുറിക്കുമ്പോഴാണ്. ചിലപ്പോൾ വാക്കുകൾ കൊണ്ടായിരിക്കും നന്ദി പ്രകാശനം; ചിലപ്പോൾ കർമങ്ങൾ കൊണ്ടും. ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിന്നു നന്ദി പ്രകാശിപ്പിക്കാത്തവനെപ്പോലെയാണ് എന്നാണല്ലോ പറഞ്ഞിരിക്കുന്നത്.

വാചികമായ നന്ദി പലരൂപത്തിലാണ്. തനിക്കു ഒറ്റക്കു നിർവഹിക്കാൻ കഴിയാത്ത ഒരു കാര്യം മറ്റൊരാൾ കൂടി സഹായിച്ചു തരുമ്പോൾ, ഞാൻ ഏറെ പണിപ്പെട്ട് ചെയ്യേണ്ടിയിരുന്ന കാര്യം താങ്കൾ കൂടി സഹായിച്ചപ്പോൾ കുറെ സമയം ലാഭിക്കാനായതിൽ നന്ദി എന്ന വാക്ക് ഉദാഹരണം. എഴുത്ത് മുഖേനയോ എസ്.എം. എസ് പോലുള്ള ആധുനിക സംവിധാനം ഉപയോഗപ്പെടുത്തിയോ, നന്ദി പ്രകാശനത്തിന് ഇന്ന് വഴികളുണ്ട്. സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടും പ്രോത്സാഹനാർഥം പ്രകടിപ്പിക്കുന്ന നന്ദി പ്രകാശനം ഗുണപരമായി സ്വാധീനിക്കും. ഇത് പ്രവൃത്തിയിലൂടെയാകാം. മധുരപലഹാരങ്ങൾ നൽകിയോ പുഷ്പം നൽകിയോ ആവാം. സദ്യയൊരുക്കി ക്ഷണിച്ചും നന്ദി പ്രകടിപ്പിക്കാം. പക്ഷേ അതൊന്നും ആർക്കും ഭാരവും പ്രയാസവും സൃഷ്ടിക്കരുതെന്നു മാത്രം. ഇത്തരം സമ്മാനങ്ങൾ സ്നേഹം ശക്തിപ്പെടുത്താനുള്ളതാവണം; പൊങ്ങച്ച പ്രകടനത്തിന്നാവരുത്. 'തഹാദൂ തഹാബ്ബൂ' എന്നാണ് മഹദ്വചനം. 'നിങ്ങൾ സമ്മാനങ്ങൾ നൽകൂ, സ്നേഹബന്ധം ഊഷ്മളമാവട്ടെ' എന്ന് സാരം.

ഏതൊരാളുടെ പ്രവൃത്തിയെയും നല്ല കണ്ണോടെ കണ്ട് പ്രോത്സാഹിപ്പിക്കുന്നതും നന്ദിപ്രകടനത്തിന്റെ ഭാഗമാണ്. ചെയ്യുന്ന കാര്യം അയാളുടെ ഉത്തരവാദിത്വത്തിൽ പെട്ടതാണെന്നും അതിനാൽ അത് നന്ദിയർഹിക്കുന്നില്ലെന്നുമുള്ള വീക്ഷണം ശരിയല്ല. ആ പ്രവൃത്തിയിലെ നല്ല വശങ്ങൾ എടുത്ത് പറഞ്ഞു പ്രോത്സാഹിപ്പിക്കുന്നതും നന്ദി പ്രകാശനത്തിന്റെ രീതിയാണ്. വായ്പയായി വാങ്ങുന്ന വസ്തുക്കൾ അതിനേക്കാൾ ഭംഗിയിൽ മടക്കി നൽകുന്നതും നന്ദി തന്നെയാണ്. വീട്ടുപകരണം, ഗ്രന്ഥം, വസ്ത്രം തുടങ്ങിയവ ഉടമകൾക്ക് മടക്കി നൽകുംമുമ്പ് വൃത്തിയാക്കുന്നതും ഇതിന്റെ ഭാഗം തന്നെ.

ശ്രേഷ്ഠതയിലും മഹത്വത്തിലും താൻ മുകളിലാണെന്ന ഗർവിൽ സേവനങ്ങൾക്ക് നന്ദി പ്രകടിപ്പിക്കാത്ത ചിലരുണ്ടാവും. നന്ദി പ്രകടിപ്പിക്കുമ്പോൾ അപരൻ തനിക്കൊരു സേവനം ചെയ്തുവെന്ന് ചെയ്തവൻ ധരിക്കേണ്ടതില്ലെന്ന ധാർഷ്ട്യത്തിൽ നിന്നാണ് ഈ ചിന്ത വരുന്നത്. തന്നെ ആശ്രയിച്ചു കഴിയുന്ന പരിചാരകനോ മറ്റോ ആവാം ഈ സേവകൻ. അവനോട് താൻ നന്ദി പ്രകടിപ്പിക്കേണ്ടതില്ലെന്ന നിലപാട് ശരിയല്ല. നിത്യ ജീവിതത്തിന്റെ മാറിമറിയലുകളിൽ ഉടമസ്ഥൻ, സേവകന്നു തിരിച്ചും വല്ല സേവനവും ചെയ്യേണ്ട അവസ്ഥയും വരാം. അതിനാൽ സ്ഥാനങ്ങളുടെ വലുപ്പ ചെറുപ്പങ്ങൾക്കപ്പുറമാണ് നന്ദി പ്രകാശനത്തിന്റെ ഇടം.

ചുരുക്കത്തിൽ, നന്ദി പ്രകടനത്തിന് വലിപ്പ ചെറുപ്പമില്ല. എല്ലാവരും നിർവഹിക്കുകയും ഏവരും അതേറ്റുവാങ്ങുകയും വേണം. ഇതിന് പ്രായവ്യത്യാസം, സാമൂഹിക പദവികൾ, മത-സംസ്കാര വൈജാത്യങ്ങൾ തടസ്സമല്ല. 'അല്ലാഹുവോട് ഏറ്റവും കൂടുതൽ നന്ദി പ്രകടിപ്പിക്കുന്നവൻ ജനങ്ങളോട് ഏറ്റവും നന്ദി കാണിക്കുന്നവനാണ്' എന്ന (അഹ്മദ്) നബി വചനവും ഓർക്കുക. ■

**റഫീഖുർറഹ്മാൻ മൂഴിക്കൽ**

അവലംബം: (*അൽമുജ്തമഅ്* വാരിക 18.4.2009)

** നാസിറുദ്ദീൻ അൽബാനി ഇത് 'സ്വഹീഹാ'ണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.*